നാല് ശതമാനം മുന്ന് അനുസരിച്ച്; Lighting tax can be provided for expenses connected with the lighting of Panchayat area by electricity or by other means. അതിൽ രണ്ടു ശതമാനം ടാക്സ് വാങ്ങാം എന്നാണ്. അങ്ങനെയാണ് ഇപ്പോൾ ടാക്സ് ചെയ്തിട്ടുള്ളത് എന്നാണ് ഞാൻ അറിയുന്നത്. അതേ അവസരത്തിൽ പഞ്ചായത്തുകളുടെ സാമ്പത്തികാവസ്ഥ വളരെ മോശമായിരിക്കുന്ന കാലഘട്ടത്തിൽ ലൈറ്റിംഗ് ടാക്സ് നിർബന്ധമായും ലെവി ചെയ്യാനുള്ള സാഹചര്യമായതുകൊണ്ടാണ് ചെയ്തിട്ടുള്ളത്. അതിൽ എന്തെങ്കിലും അപാകതയുണ്ടെന്നു ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കാവുന്നതാണ്.

(7) അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റ പഞ്ചായത്തുകളിലെ കരിനിലങ്ങളെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കൽ.

ശ്രീ. വി. ദിനകരൻ: അമ്പലപ്പുഴ, ഹരിപ്പാട് എന്നീ നിയോജകമണ്ഡലങ്ങളിൽപ്പെട്ടു കിടക്കുന്ന അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റാ എന്നീ നാലു പഞ്ചായത്തുകളിലെ ഒൻപതിനായിരം ഏക്കറോളം വരുന്ന കരിനില കർഷകരുടെ കദനകഥയാണ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താനുള്ളത്. ആ പ്രദേശങ്ങളിലെകൃഷി എന്നും നഷ്ടത്തിൽ കലാശിക്കുന്ന ഒരു പ്രവണതയാണ് ഉള്ളത്. അവിടത്തെ കൃഷിക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുത്ത 40 ലക്ഷത്തോളം രൂപ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് അവിടെയുള്ളത്. അവിടത്തെ മണ്ണ് ഫലഭൂയിഷ്ടമല്ല. നിരന്തരമായി ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. മാറ്റു പ്രദേശങ്ങളിൽ നാൽപ്പതു വിള കിട്ടുമ്പോൾ ഇവിടെ പത്തു വിള പോലും കിട്ടുന്നില്ല. മറ്റു സ്ഥലങ്ങളിൽ ഉള്ള ഭൂമിയുടെ വിലയുടെ 25 ശതമാനംപോലും ഇവിടെ കിട്ടാത്ത സ്ഥിതിയാണ്. ഇതു കർഷകരുടെ കുറ്റം കൊണ്ടല്ല. എന്തുചെയ്യണമെന്നറിയാതെ അവർ നട്ടംതിരിയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽവച്ച് കരിനിലമേഖല ഒരു പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിക്കുമെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്, ആ കരിനിലമേഖലയെ ഒരു പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിച്ച് പാവപ്പെട്ട കരിനിലം കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, ആലപ്പുഴ ജില്ലയിലെ കരിനിലകൃഷിക്കാരുടെ ബുദ്ധിമുട്ടുകളെപ്പറ്റി ഗവൺമെൻറിനറിയാം. സമുദ്രനിരപ്പിൽനിന്നും ഉദ്ദേശം ഒന്നര മുതൽ രണ്ടു മീറ്റർവരെ താഴ്ന്ന ഈ പാടങ്ങളിൽ മണ്ണിന്റെ അമിതമായ അമ്ല സ്വഭാവം കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. അതുപോലെ ഓരുവെള്ളം കയറിയും കൃഷി നശിക്കുന്നുണ്ട്. അതുകൊണ്ട് കുട്ടനാടൻ പുഞ്ചക്കൃഷിക്കാർക്കു നൽകുന്ന പമ്പിംഗ് സബ്സിഡി മുതലായ ആനുകൂല്യങ്ങൾക്കുപുറമേ കുമ്മായവസ്തുക്കളും പകുതി

LIBRARY ARCHIVES Kerala Legislative Assembly

വിലയ്ക്ക് നൽകുകയും സൗജന്യമായി വിത്തു നൽകുകയും മറ്റും പരമാവധി സഹായം നൽകുന്നുണ്ട്. കഴിഞ്ഞവർഷം 40,657 രൂപയുടെ കുമ്മായവസ്തുക്കൾ നൽകി. ഈ ആഗസ്റ്റിൽ സൗജന്യമായി ആവശ്യമുള്ള നെൽവിത്തു കൊടുത്തു. ഇതെല്ലാം താൽക്കാലിക ആനുകൂല്യങ്ങളാണ്. കരിനിലകൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കണ്ടെത്താൻ ബഹുമാനപ്പെട്ട ദിനകരനും മറ്റ് തദ്ദേശനേതാക്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ഞാൻ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശം ഒരു പ്രത്യേകമേഖലയാക്കി പ്രഖ്യാപിക്കണമെന്ന ആവശ്യവും മറ്റു സംരക്ഷണങ്ങളും കൊടുക്കണമെന്ന കാര്യവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(8) ആലപ്പുഴയിലെ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ജില്ലാകമ്മിറ്റി ഓഫീസ് റെയിഡ് ചെയ്ത സംഭവം

ശ്രീ. വി. കേശവൻ: സർ, കഴിഞ്ഞ 17-ാം തീയതി ചൊവ്വാഴ്ച വെളുപ്പിന് നാലു മണിക്ക് സായുധരായ പോലീസുകാർ അവിടത്തെ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ ആലപ്പുഴ ജില്ലാകമ്മിറ്റി ഓഫീസിൽ കടന്നുകയറി അവിടെയുണ്ടായിരുന്ന ആളുകളെ ഭീഷണിപ്പെടുത്തുകയും റെയിഡ് നടത്താൻ എന്ന ഭാവത്തിൽ കടന്നുകയറി അതിക്രമം കാണിക്കുകയും ചെയ്തു. സംഭവം അറിഞ്ഞ് ഞാൻ സ്ഥലത്തു പോയി അന്വേഷിച്ചു. 17-ാം തീയതി വെളുപ്പിന് നാലുമണിയ്ക്കാണ് ഈ സംഭവമുണ്ടായത്. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസ് റെയിഡ് ചെയ്യാൻ വന്നിരുന്ന ആ പോലീസ് ഉദ്യോഗസ്ഥൻമാരോട് പാർട്ടിയുടെ നേതാവായ ശ്രീ. പി.കെ. ചന്ദ്രൻ ചോദിച്ചു, സർച്ച് വാറണ്ടോ മറ്റു നടപടികളോ വല്ലതുമുണ്ടോ എന്ന്. ഒന്നുമില്ല എന്നു പറഞ്ഞു. അവർ പറയുന്നത് മുകളിലുള്ള നിർദ്ദേശമനുസരിച്ചാണെന്നാണ്. ഞാൻ സ്ഥലത്തുപോയി അന്വേഷിച്ചതിൽ എസ്.ഡി. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അവിടെ എസ്.എഫ്.ഐ. വിദ്യാർത്ഥിയും കെ. എസ്. യു. വിദ്യാർത്ഥികളും തമ്മിൽ എന്തോ വാക്കുതർക്കമുണ്ടായി എന്നാണ്. അവിടെ 13-ാം തീയതി ജയിച്ച എസ്.എഫ്.ഐ. വിദ്യാർത്ഥികൾ വിജയാഘോഷയാത്ര നടത്തിയതിനെതിരെ കെ.എസ്.യു.ക്കാർ കല്ലേറ് നടത്തി. ബൈജു, ബാബു എന്നീ രണ്ടു വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. ആ ജാഥയോടൊപ്പമുണ്ടായിരുന്ന പോലീസുകാരുടെ സാന്നിദ്ധ്യത്തിലാണ് കല്ലേറുണ്ടായത്. പോലീസുകാരാണ് അവരെ കൊണ്ടുപോയി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. അതിനു ശേഷം 16-ാം തീയതി കോളേജിലെത്തിയ കെ.എസ്.യു.ക്കാർ അവിടത്തെ പ്രിൻസിപ്പലിന്റെ ഓഫീസിൽ കയറി അദ്ദേഹത്തെ വളഞ്ഞുവയ്ക്കുകയും ഓഫീസ് ഉപകരണങ്ങൾ തല്ലിത്തകർക്കുകയും ചെയ്തു. ടെലിഫോൺ, ഹാഫ്ഡോർ, കസേരകൾ മുതലായവ തല്ലിത്തകർത്ത് അവിടെ ആക്രമണം നടത്തി. കെ.എസ്.യു. വിന്റെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി എസ്.എഫ്.ഐ. ജയിച്ചതിന്റെ ഫലമായി പ്രിൻസിപ്പാളിനെ ആക്രമിക്കുന്ന നടപടി ശരിയാണോ? ഇതിനുശേഷം എസ്.എഫ്.ഐ. യിൽപ്പെട്ട ഒരു വിദ്യാർത്ഥിയെ ആക്രമിച്ചു. ഇതുസംബന്ധിച്ച് വിദ്യാർത്ഥികൾ തമ്മിൽ ഉരസലു

LIBRARY ARCHIVES Kerala Legislative Assembly